പേര് മാറ്റൽ

* 625 [667] ശ്രീ. എ. എ. റഹിം:

,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ പേര് ഡെന്റൽ കോളേജ് ആന്റ് ഹോസ്പിറ്റൽ എന്നാക്കി മാറ്റുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(ബി) ഡെന്റൽ കോളേജിൽ പൊതുജന സൗകര്യാർത്ഥം ഇന്നുള്ള ഒ. പി. സമയം 12 മണിവരെ നീട്ടുന്നതിനുവേണ്ട സത്വര നടപടികൾ ഗവൺമെന്റു കൈക്കൊള്ളുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ കെ. പി. പ്രഭാകരൻ):

(എ) തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ പേര് ഡെന്റൽ കോളേജ് ആന്റ് ഹോസ്പിറ്റൽ എന്നാക്കി മാറ്റുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുള്ളതായി കരുതുന്നില്ല. സാധാരണ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സംവിധാനമുള്ള സ്ഥാപനങ്ങൾക്കാണ് ആശുപത്രി യെന്ന് പറയാറുള്ളത്. ഡെന്റൽ കോളേജിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ല. കിടത്തി ചികിൽസിക്കേണ്ട ദന്തരോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് കിടത്തി ചികിൽസിക്കുന്നത്.

(ബി) ഇപ്പോഴതന്നെ ഡെന്റൽ കോളേജിന്റെ ചികിൽസാവിഭാഗം 3 മണിവരെ പ്രവർത്തിക്കുന്നുണ്ട്. 12 മണിവരെ സാധാരണ ചികിത്സയും അതിനു ശേഷം പ്രത്യേക ചികിൽസയും. ഒ. പി. ടിക്കറ്റ് എടുക്കുന്നതിനുള്ള സമയം 10.30 വരെയെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതു രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് കഴിയുന്നത്ര അന്നുതന്നെ ചികിൽസ കൊടുക്കണമെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ്. എന്നാൽ അത്യാവശ്യ കേസുകളിൽ 10.30ന് ശേഷവും ഒ. പി. രജിസ്റ്റർ ചെയ്തു ചികിൽസിക്കുന്നതിനുള്ള സംവിധാനമുണ്ട്.

പഞ്ചായത്ത് തൊഴിൽ നികുതി

* 626 [668] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ ഏരിയായിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരേക്കാൾ വർദ്ധിച്ച തൊഴിൽനികുതി പഞ്ചായത്തു ഏരിയായിൽ ജോലി നോക്കുന്ന ജീവനക്കാരിൽനിന്നും ഈടാക്കിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ അസമത്വം ഇല്ലാതാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളുടെ വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഇന്നത്തെ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly